ഫെയർ കോപ്പി സൂപ്രണ്ട് ഗസറ്റഡ് തസ്തികയാക്കണമെന്ന ശിപാർശ

9 (1711) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുവരുന്ന ജീവനക്കാരുടെ ഏറ്റവും ഉയർന്ന പ്രൊമോഷൻ തസ്തികയായ ഫെയർ കോപ്പി സൂപ്രണ്ട് ഗസറ്റഡ് തസ്തികയാക്കണമെന്ന ഒൻപതാം ശമ്പള കമ്മീഷൻ ശിപാർശയിൻമേൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

ടൈപ്പിസ്റ്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികയായ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് തസ്തികയാക്കണമെന്ന് ഒമ്പതാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ല.

പൗരാവകാശരേഖ പ്രദർശിപ്പിക്കൽ

10 (1712) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എല്ലാ ഓഫീസിലും പൗരാവകാശ രേഖ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സേവന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ആയതിന്റെ സാധ്യത പരിശോധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ഓഫീസിലും പൗരാവകാശ രേഖ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1-7-2011, 10-8-2011, 23-9-2011 എന്നീ തീയതികളിലെ 9219/എ.ആർ. 12(1)/2011 ഉ.ഭ.പ.വ. നമ്പർ സർക്കുലറുകൾ പ്രകാരവും 27-2-2012-ലെ 16411/ എ.ആർ. 12(1)/2011/ഉ.ഭ.പ.വ. എന്ന സർക്കുലർ പ്രകാരവും പൗരാവകാശ രേഖ എഴുതി പ്രദർശിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും എല്ലാ സർക്കാർ ഓഫീസുകൾക്കും/സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയതിനു

LIBRARY ARCHIVES Kerala Legislative Assembly

പുറമെ 26-6-2012-ലെ 4895/എ.ആർ. 12(1)/2012/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം ഇനിയും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാനുള്ള സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സേവന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾക്ക് രൂപം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പൊതുഭരണവകുപ്പിലെ ജോലിഭാരം

11 (1714) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൊതുഭരണ വകുപ്പിലെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ആയതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിച്ച് ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുമോ ?

ഉത്തരം

പൊതുഭരണ വകുപ്പിൽ പ്രവൃത്തി പഠനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ സെക്രട്ടേറിയറ്റിലെ വിനോദസഞ്ചാരം, പൊതുവിദ്യാഭ്യാസം, നോർക്ക, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

സേവനാവകാശ നിയമം നടപ്പിൽ വരുത്തുന്നതിലെ കാര്യക്ഷമത

12 (1715) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ അത് കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) അതിലെ വീഴ്ചകൾ പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly